എം.എസ്.എ റസാഖ്

# സൂറഃ അൽകഹ്ഫ് പാരായണത്തിന്റെ ശ്രേഷ്ഠത

عَنْ أَبِى سَعِيد الخدرى رَضِيَ الله عَنْهُ أَنَّ النَّبِيَّ ﷺ قَالَ: مَنْ قَرَأَ سُورَةَ الْكَهْف فِي يَوْمِ الْجمعَةِ أَضاءَ لَهُ مِنَ النُّورِ مَا بَيْنَ الْجُمُعَتَيْنِ (بيهقي، حاكم ، صححه الألباني في صحيح الجامع).

അബൂസഈദിൽ ഖുദ്‌രി(റ)യിൽ നിന്ന് നിവേദനം. നബി (സ) പറഞ്ഞു: "ജുമുഅ ദിവസം ഒരാൾ സൂറത്തുൽ കഹ്ഫ് പാരായണം ചെയ്താൽ അവന് രണ്ട് ജുമുഅകൾക്കിടയിലുള്ള കാലം പ്രകാശമാനമായിത്തീരുന്നതാണ്" (ബൈഹഖി, ഹാകിം. ശൈഖ് അൽബാനി തന്റെ സ്വഹീഹിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

വെള്ളിയാഴ്ച ദിവസം സൂറത്തുൽ കഹ്ഫ് പാരായണം ചെയ്യുന്നതിന്റെ പ്രാധാന്യം വിവരിക്കുകയാണ് പ്രവാചകൻ (സ) ഈ ഹദീസിലൂടെ. ദിവസങ്ങളിൽ ഏറ്റവും ശ്രേഷ്ഠവും ഉത്തമവുമായ ദിവസമാണ് ജുമുഅ ദിവസം. ദിവസങ്ങളുടെ നേതാവുമാണത്. തൽവിഷയകമായി ഉദ്ധരിക്കപ്പെട്ടിട്ടുള്ള ഒന്നിലധികം ഹദീസുകളുടെ വെളിച്ചത്തിൽ വെള്ളിയാഴ്ച സൂറത്തുൽ കഹ്ഫ് പാരായണം ചെയ്യുന്നത് അഭിലഷണീയ (മുസ്തഹബ്ബ്) മാണെന്ന് ഹനഫീ, ശാഫിഈ, ഹമ്പലീ മദ്ഹബിന്റെ ഇമാമുകൾ അഭിപ്രായപ്പെട്ടിരിക്കുന്നു. വ്യാഴാഴ്ച സൂര്യാസ്തമയം മുതൽ വെള്ളിയാഴ്ച സൂര്യാസ്തമയം വരെയുള്ള ഏതു സമയത്തും കഹ്ഫ് പാരായണം ചെയ്യാമെന്ന് ഇമാം മനാവി *ഫൈദുൽ ഖദീറിൽ* രേഖപ്പെടുത്തുന്നു (6/198). ഇബ്നു ഉമറി(റ)ന്റെ നിവേദനം: നബി (സ) പറഞ്ഞു: "ഒരാൾ ജുമുഅ ദിവസം സൂറത്തുൽ കഹ്ഫ് ഓതിയാൽ തന്റെ കാലടി മുതൽ ആകാശം വരെ വെളിച്ചമുണ്ടായിത്തീരുകയും അതവന് ഖിയാമത്ത് നാളിൽ വെളിച്ചം കാട്ടുകയും ഇരു ജുമുഅകൾക്കിടയിലുള്ള പാപം അവന്ന് പൊറുക്കപ്പെടുകയും ചെയ്യും" (മുൻദിരിയുടെ *അത്തർഗീബ് വത്തർഹീബ്*). ഈ പ്രകാശധാരയിലൂടെ അവന് നേരിന്റെ വഴിയിൽ സഞ്ചരിക്കുവാൻ സാധിക്കുന്നു. ദൈവധിക്കാരപരമായ പ്രവൃത്തികളിൽ നിന്ന് അതവനെ തടയുന്നു. വെള്ളിയാഴ്ച *അൽകഹ്ഫ്* പാരായണം ചെയ്യുന്നത് പാപങ്ങൾ പൊറുത്ത് കിട്ടാൻ കാരണമാകുന്നു.

അബുദ്ദർദാഇൽ നിന്ന് ഇമാം മുസ്‌ലിം ഉദ്ധരിക്കുന്ന ഒരു ഹദീസിലിങ്ങനെ കാണാം: "സൂറത്തുൽ കഹ്ഫിലെ ആദ്യ പത്ത് സൂക്തങ്ങൾ ഹൃദിസ്ഥമാക്കിയവൻ ദജ്ജാലിൽ നിന്ന് സുരക്ഷിതനായിരിക്കും." മറ്റൊരു നിവേദനത്തിൽ, 'കഹ്ഫിന്റെ അവസാന പത്ത് ആയത്തുകൾ പാരായണം ചെയ്യുന്നവൻ ദജ്ജാലിന്റെ ഫിത്നയിൽ നിന്ന് സുരക്ഷിതനായിരിക്കും' എന്നാണുള്ളത് (അഹ്മദ്, നസാഈ). "വെളിയാഴ്ച രാവിൽ *അൽകഹ്ഫ്* പാരായണം ചെയ്യുന്നവന് അത് തനിക്കും ബൈത്തുൽ അതീഖിനും-പൗരാണിക ഭവനമായ കഅ്ബ -ഇടയിൽ വെളിച്ചം പരത്തുന്നതായിരിക്കും" (ദാരിമി-ബൈഹഖി).

ഏകദൈവ വിശ്വാസ സംരക്ഷണാർഥം ഗുഹയിൽ അഭയം തേടിയ യുവാക്കളുടെയും, മൂസാ നബിയുടെയും ഖിദ്റിന്റെയും, ദുൽഖർനൈനിയുടെയും യഅ്ജൂജ് മഅ്ജൂജിന്റെയും, അഹങ്കാരിയായി മാറിയ തോട്ടമുടമസ്ഥന്റെയും കഥാകഥനത്തിലൂടെ അതിമഹത്തായ ജീവിത സന്ദേശമാണ് സൂറഃ *അൽകഹ്ഫ്* പഠിപ്പിക്കുന്നത്. തൗഹീദ് ഉറപ്പിക്കുകയും ശിർക്കിനെ നിഷേധിക്കുകയും ചെയ്യുന്നതാണ് *അൽകഹ്ഫിന്റെ* ഉള്ളടക്കം.

ലോകാവസാനത്തിന്റെ അടയാളങ്ങളിൽപ്പെട്ടതാണ് നാശവും കുഴപ്പങ്ങളും വ്യാപിക്കുകയും ദജ്ജാൽ പ്രത്യക്ഷപ്പെടുകയും ചെയ്യുകയെന്നത്. ലോകത്തിന്റെ അന്ത്യം സംഭവിക്കുക വെള്ളിയാഴ്ച ദിവസമായിരിക്കുമെന്ന് ഹദീസുകൾ സൂചിപ്പിക്കുന്നു. ദജ്ജാലിന്റെ നാശത്തിൽ നിന്ന് രക്ഷപ്പെടുവാൻ സൂറത്തുൽ കഹ്ഫ് പാരായണം സഹായിക്കുന്നു. ഐഹിക ജീവിതത്തിന്റെ വർണപ്പകിട്ടിൽ വഞ്ചിതരാകാതിരിക്കാനും പരലോകത്തെ ശാശ്വത ജീവിതത്തിന് തയ്യാറെടുക്കാനും സൂറത്തുൽ കഹ്ഫ് പാരായണം നമ്മെ ഓർമപ്പെടുത്തുന്നു.

●